ശബരിമല മീഡിയ സെന്റർ , സന്നിധാനം

19/11/2026

കെ.എസ്.ഇ.ബി കാനനപാതയിൽ ഉരക്കുഴി മുതൽ കോടംപ്ലാവ് 100 പുതിയ വഴിവിളിക്കുകൾ സ്ഥാപിച്ചു

വണ്ടിപ്പെരിയാർ–സത്രം–പുൽമേട് കാനനപാതയുടെ ഭാഗമായ ഉരക്കുഴി മുതൽ കോടംപ്ലാവ് വരെയുള്ള ഭാഗത്ത് നൂറോളം പുതിയ വഴി വിളക്കുകൾ സ്ഥാപിച്ച് കെ.എസ്.ഇ.ബി. താൽക്കാലികമായി വയർവലിച്ചാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.ഏതാണ്ട് രണ്ടുകിലോമീറ്ററോളം ദൂരത്തിൽ ഇവ സ്ഥാപിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ അത്യാവശ്യം ചൂണ്ടിക്കാട്ടിയാൽ കൂടുതൽ വിളക്കുകൾ ഒരുക്കുമെന്ന് സന്നിധാനത്തെ കെ.എ്സ്.ഇ.ബി അസിസ്റ്റന്റ് എൻജിനിയർ കെ.എ.അശ്വനികുമാർ പറഞ്ഞു.

സന്നിധാനത്ത് കെ.എസ്.ഇ.ബി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിവരുന്നത്. 24 മണിക്കൂറും വൈദ്യുതി ഇടമുറിയാതെ ലഭ്യമാക്കാൻ നേരത്തെ കെ.എസ്.ഇ.ബി യ്ക്ക് രണ്ടുഫീഡറകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ അത് മൂന്നാക്കി. ശബരി, സന്നിധാനം, മരക്കൂട്ടം എന്നിവിടങ്ങളിൽ മൂന്ന് 11 കെ.വി. ഫീഡറുകൾ വഴി സന്നിധാനത്തേക്ക് വൈദ്യുതി ലഭ്യമാക്കുന്നു. ഏതെങ്കിലും ഒരു ഫീഡർ തകരാറിലായാലും രണ്ടുഫീഡറുകൾ വഴി സന്നിധാനത്ത് മുഴുവൻ സമയത്തും വൈദ്യുതിഎത്തും.പമ്പയിലും സന്നിധാനത്തുമായി വിവിധ ഷിഫ്റ്റുകളിലായി കെ.എസ്.ഇ.ബിയുടെ 35 ജീവനക്കാർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

സന്നിധാനത്ത് നിലവിലുള്ളവ കൂടാതെ100,200 വാട്ട്സിന്റെ 500 എൽ.ഇ.ഡി ലൈറ്റുകളും അധികമായി ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വംബോർഡിന്റെയും മറ്റ് വകുപ്പുകളുടെയും ആവശ്യമനുസരിച്ച് 70 താൽക്കാലിക കണ്ക്ഷനുകളും സന്നിധാനത്ത് നൽകിയിട്ടുണ്ട്.

വനംവകുപ്പും ദേവസ്വം ബോർഡും കാനനപാത തുറന്നുകൊടുത്തതോടെ ഇതുവഴി അയ്യപ്പൻമാർ എത്തിച്ചേർന്ന് തുടങ്ങിയിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിച്ചത് തീർത്ഥാടകർക്ക് ഏറെ പ്രയോജനപ്പെടും. കൂടാതെ സുരക്ഷയും ഉറപ്പാക്കാൻ കഴിയും. ലൈറ്റിങ്ങ് അടിയന്തരമായി പൂർത്തിയാക്കാൻ കഴിഞ്ഞ ദിവസം സന്നിധാനത്ത് ചേർന്ന ഉന്നതതല യോഗം നിർദ്ദേശിച്ചിരുന്നു.

KSEB Installs 100 New Streetlights Along the Forest Path from Urakkuzhi to Kodamplavu

Kerala State Electricity Board (KSEB) has installed approximately 100 new streetlights along the forest path between Urakkuzhi and Kodamplavu—a section of the Vandiperiyar-Sathram- Pullumedu route. The lights have been set up using temporary wiring and cover a distance of about two kilometres. K.A. Ashwanikumar, the KSEB Assistant Engineer at Sannidhanam, stated that additional lights could be installed if forest officials identify a specific need for them.

Priority has been given to the installation of lighting by the KSEB at Sannidhanam. To ensure an uninterrupted, 24-hour power supply, the number of feeders—which was previously two—has been increased to three. Electricity is supplied to Sannidhanam via three 11 kV feeders covering Sabari, Sannidhanam, and Marakkoottam. Even if one feeder fails, the remaining two will ensure a continuous power supply to Sannidhanam. A team of 35 KSEB employees is working round the clock across various shifts at Pamba and Sannidhanam.

In addition to the existing lighting, 500 LED lights (of 100 and 200 watts) have been installed at Sannidhanam. Furthermore, 70 temporary electrical connections have been provided at Sannidhanam to meet the requirements of the Devaswom Board and other departments.

With the forest route reopened by the Forest Department and the Devaswom Board, Ayyappa devotees have begun using this pathway to reach Sannidhanam. The installation of lights along the route will greatly benefit pilgrims by improving visibility and ensuring their safety, particularly during night travel. A high-level meeting held recently at Sannidhanam had directed that the lighting work be completed on a priority basis to facilitate safe and hassle-free movement of devotees.

केएसईबी ने वन पथ पर उरक्कुझी से कोडमप्लावु तक लगाईं 100 नई स्ट्रीट लाइटें

वंडिपेरियार-सत्रम-पुलमेडु वन पथ के अंतर्गत उरक्कुझी से कोडमप्लावु तक के हिस्से में केएसईबी (KSEB) ने लगभग 100 नई स्ट्रीट लाइटें लगाई हैं। अस्थायी रूप से बिजली के तार बिछाकर ये लाइटें स्थापित की गई हैं। करीब दो किलोमीटर के क्षेत्र में इनकी व्यवस्था की गई है। सन्निधानम स्थित केएसईबी के सहायक अभियंता के.ए. अश्विनीकुमार ने बताया कि वन विभाग के अधिकारियों की ओर से आवश्यकता जताए जाने पर और भी लाइटें लगाई जाएंगी।

सन्निधानम में बिजली की रोशनी की व्यवस्था को बेहतर बनाने को केएसईबी प्राथमिकता दे रहा है। 24 घंटे निर्बाध बिजली आपूर्ति सुनिश्चित करने के लिए पहले केएसईबी के पास दो फीडर थे, जिन्हें इस बार बढ़ाकर तीन कर दिया गया है। शबरी, सन्निधानम और मरकूटम से तीन 11 केवी फीडरों के माध्यम से सन्निधानम में बिजली पहुंचाई जा रही है। किसी एक फीडर में खराबी आने पर भी शेष दो फीडरों के जरिए सन्निधानम में निर्बाध बिजली आपूर्ति जारी रहेगी।

पंपा और सन्निधानम में केएसईबी के 35 कर्मचारी अलग-अलग शिफ्टों में 24 घंटे तैनात रहकर सेवाएं दे रहे हैं।

सन्निधानम में पहले से मौजूद लाइटों के अलावा 100 और 200 वाट की 500 अतिरिक्त एलईडी लाइटें भी लगाई गई हैं। देवस्वम बोर्ड और अन्य विभागों की मांग के अनुसार सन्निधानम में 70 अस्थायी बिजली कनेक्शन भी उपलब्ध कराए गए हैं।